പ്ലാനിംഗ് വകുപ്പ് പരിശോധിച്ചു നോക്കി. അതുകൊണ്ട് എല്ലാ കുട്ടികൾക്കും ലഭ്യമാക്കണമെന്ന ഒരു ക്ളിയറൻസ് ഗവണ്മെന്റിന് ലഭിച്ചു. അതിന്റെയടിസ്ഥാനത്തിൽ 20,000 കോപ്പികൾക്കുകൂടി ഗവണ്മെന്റ് ഉത്തരവ് നൽകുകയുണ്ടായി. എന്നാൽ കുറെ ദിവസം കഴിഞ്ഞപ്പോൾ, ശരിക്കുപറഞ്ഞാൽ മിനിഞ്ഞാന്നാണ് ഇപ്രകാരം ഒരു കോടതി ഉത്തരവ് എന്റെ ശ്രദ്ധയിൽപ്പെടുന്നത്. ഈ കോടതി വിധിയിൽ പറയുന്നത് ബാക്കിയുള്ള കാലഘട്ടത്തിലേയ്ക്ക് റാങ്ക് ഫയൽ വാങ്ങുകയാണെങ്കിൽ "വി" പബ്ളിഷേഴ്സിന് കൊടുക്കണമെന്നുള്ളതാണ്. അത് കണ്ടമാത്രയിൽ ഗവണ്മെന്റ് ഇറക്കിയ ഉത്തരവ് റദ്ദ് ചെയ്യാൻ ഞാൻ നിർദ്ദേശം നൽകുകയും ആ ഉത്തരവ് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മിനിഞ്ഞാന്ന് ആ ഉത്തരവ് ഇറക്കിക്കഴിഞ്ഞിരിക്കുന്നു. ഇതിനകത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ സർക്കാരിന് എന്തെങ്കിലും നഷ്ടമുണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കാം. കോടതി ഉത്തരവ് ലംഘിക്കാൻ ഗവണ്മെന്റിന് ഉദ്ദേശമില്ല. ഈ ഉത്തരവ് റദ്ദാക്കിയിട്ടുള്ളതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: .....

മി. സ്പീക്കർ: എല്ലാം ചട്ടവിരുദ്ധമായിട്ട് ഞാൻ അനുവദിക്കുന്നു. എന്നാലും ഞാൻ ഒന്നും അനുവദിക്കുകയില്ല എന്നുപറയുകയും ചെയ്യും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അനുവദനീയമല്ല എന്നെനിക്കറിയാം. അഴിമതിയുടെ ഒരു പ്രശ്നം നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുകൊണ്ട്, സർക്കാരിന് പത്തുമുപ്പതു ലക്ഷം രൂപ നഷ്ടമായതുകൊണ്ട് പറയുകയാണ്. ഇതുസംബന്ധിച്ച് ഇവിടെ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന മെമ്പർമാരെ ചേർത്ത് ഒരന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാണോ?

ഡോ. എം. എ. കുട്ടപ്പൻ: ഈ വിഷയം ഗവണ്മെന്റ് അന്വേഷിക്കും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഗവണ്മെന്റ് അന്വേഷിച്ചാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അന്വേഷണം എന്താണെന്ന് നമുക്ക് മനസ്സിലാകുമോ?

(2) വാഗമൺ ഡയറി സയൻസ് കോളേജിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. ഇ. എം. അഗസ്തി: സർ, എന്റെ നിയോജകമണ്ഡലത്തിലെ വാഗമണ്ണിൽ കോലാഹലമേട്ടിൽ കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു ഡയറിസയൻസ് കോളേജിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിരുന്നു. നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കാൻവേണ്ടി അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി ഒരു പ്രത്യേക എഞ്ചിനീയറിംഗ് വിംഗും രൂപീകരിക്കുകയുണ്ടായി. കെട്ടിടനിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ കോളേജ് ഇപ്പോൾ മണ്ണുത്തിയിലാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എത്രയുംവേഗം കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് കോലാഹലമേട്ടിൽ തന്നെ ആ കോളേജ് പ്രവർത്തനം ആരംഭിക്കണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുന്നു. ചില നിക്ഷിപ്ത താൽപര്യങ്ങൾ വച്ച് ഈ കോളേജ് വാഗമണ്ണിൽനിന്നും മാറ്റിക്കൊണ്ടു പോകുന്നതിനുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗവണ്മെന്റ് അടിയന്തിരമായി ഇക്കാര്യത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കോലാഹലമേട്ടിൽ 84 ഹെക്ടർ സ്ഥലം കോളേജിന്റെ ആവശ്യത്തിനായി എടുത്ത് ആദ്യം കുറച്ചു പണി തുടങ്ങിയതാണ്. ഇപ്പോൾ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിക്ക് 50 കോടി രൂപ, ...നോൺ പ്ലാനിൽ പണം ഇല്ല. കമ്മിയാണ്. പണം ഇല്ലാതെ വന്നതിന്റെ അടിസ്ഥാനത്തിൽ കോളേജ് നടത്താതിരിക്കണ്ട എന്നുവച്ച് കോളേജ് തൃശ്ശൂരിൽ തുടങ്ങി. മറ്റ് പണികൾ ചെയ്യാൻ ഇപ്പോൾ നിവൃത്തിയില്ലാത്തതുകൊണ്ട് നിർത്തി വച്ചിരിക്കുന്നു. പണം അനുവദിക്കുന്ന മുറയ്ക്ക് പണിനടത്താമോ എന്ന് പരിശോധിക്കാം.

(3) തലശ്ശേരിയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തലശ്ശേരിയിൽ തലായ് എന്നുപറയുന്ന സ്ഥലത്ത് ഒരു ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ വളരെമുമ്പേ ആരംഭിച്ചതാണ്. എല്ലാ ബഡ്ജറ്റ് പ്രസംഗങ്ങളിലും ഇത് പരാമർശിക്കാറുണ്ട്. ഈ തവണത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ എന്തോ കാരണത്താൽ തലായ് ഫിഷിംഗ് ഹാർബർ പരാമർശിക്കുകപോലും ചെയ്തില്ല. ഇത് ആ പ്രദേശത്തെ സംയുക്ത സമരസമിതി, സർവ്വകക്ഷി സമിതിയിൽ വലിയ പ്രതിഷേധം ഉണ്ടാക്കിയിരിക്കുകയാണ്. ജനങ്ങളിൽ വലിയ ഉൽക്കണ്ഠ ഉണ്ടായിരിക്കുകയാണ്. അതിന്റെ സ്ഥിതി എന്താണെന്ന് മന്ത്രി വ്യക്തമാക്കുകയും ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുകയും ചെയ്യണം.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് തലായ്, കൊയിലാണ്ടി, തോട്ടപ്പള്ളി എന്നീ കേരളത്തിലെ മൂന്ന് മേജർ ഫിഷിംഗ് ഹാർബറുകളുടേയും പോണ്ടിച്ചേരി ഗവണ്മെന്റിന്റെ കീഴിലുള്ള മാഹിയുടേയും പദ്ധതികൾ കേന്ദ്ര സർക്കാരിന് കൊടുത്തിട്ടുണ്ട്. അതിൽ തോട്ടപ്പള്ളി അംഗീകരിച്ചിട്ടുണ്ട്. തലായ്, കൊയിലാണ്ടി എന്നിവ എത്രയുംവേഗം അനുവദിച്ചുകിട്ടുമെന്ന പ്രതീക്ഷയിലാണ്.